**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1755** **29-07-2021 - ൽ മറുപടിയ്ക്ക്**

**കിഫ്ബി പദ്ധതികളുടെ മേൽനോട്ടവും നടത്തിപ്പും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നിർമ്മാണത്തിലിരിക്കുന്ന സ്വന്തം പദ്ധതികളുടെ മേൽനോട്ടവും നടത്തിപ്പും പൂർണ്ണമായും കിഫ്ബി ഏറ്റെടുക്കാൻ തീരുമാനമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അത്തരത്തിൽ ആലോചന നടക്കുന്നുണ്ടോ; വിശദാംശം നൽകാമോ; | (എ) | വിവിധ പദ്ധതികൾക്കുള്ള ധനാനുമതിയും ധനസഹായവും കിഫ്ബി നൽകി വരുന്നു. പദ്ധതികളുടെ മേൽ നോട്ടവും നടത്തിപ്പും ബന്ധപ്പെട്ട ഭരണ വകുപ്പ് ചുമതലപ്പെടുത്തിയ എസ്.പി.വി.കൾക്കു തന്നെയാണ്. പദ്ധതി നടത്തിപ്പിന് ഈ എസ്.പി.വി. കൾക്ക് ആവശ്യമായ വിവിധ സഹായങ്ങൾ കിഫ്ബി നൽകി വരുന്നതൊഴിച്ചാൽ പദ്ധതികൾ ഏറ്റെടുക്കുന്ന കാര്യം കിഫ്ബിയുടെ പരിഗണനയിലില്ല. |
| (ബി) | പുതുതായി ഭരണാനുമതി ലഭിച്ചതും നിർമ്മാണത്തിലിരിക്കുന്നതുമായ എല്ലാ പ്രവൃത്തികളും കിഫ്ബി ഏറ്റെടുക്കുമോയെന്നറിയിക്കാമോ; | (ബി) | വിവിധ പദ്ധതികൾക്കുള്ള ധനാനുമതിയും ധനസഹായവും കിഫ്ബി നൽകി വരുന്നു. പദ്ധതികളുടെ മേൽ നോട്ടവും നടത്തിപ്പും ബന്ധപ്പെട്ട ഭരണ വകുപ്പ് ചുമതലപ്പെടുത്തിയ എസ്.പി.വി.കൾക്കു തന്നെയാണ്. പദ്ധതി നടത്തിപ്പിന് ഈ എസ്.പി.വി. കൾക്ക് ആവശ്യമായ വിവിധ സഹായങ്ങൾ കിഫ്ബി നൽകി വരുന്നതൊഴിച്ചാൽ പദ്ധതികൾ ഏറ്റെടുക്കുന്ന കാര്യം കിഫ്ബിയുടെ പരിഗണനയിലില്ല. |
| (സി) | കിഫ്ബിയുടെ ഏത് ഘടകമാണ് പ്രവൃത്തികൾ ഏറ്റെടുക്കുക എന്നും ഇത്തരത്തിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (സി) | വിവിധ പദ്ധതികൾക്കുള്ള ധനാനുമതിയും ധനസഹായവും കിഫ്ബി നൽകി വരുന്നു. പദ്ധതികളുടെ മേൽ നോട്ടവും നടത്തിപ്പും ബന്ധപ്പെട്ട ഭരണ വകുപ്പ് ചുമതലപ്പെടുത്തിയ എസ്.പി.വി.കൾക്കു തന്നെയാണ്. പദ്ധതി നടത്തിപ്പിന് ഈ എസ്.പി.വി. കൾക്ക് ആവശ്യമായ വിവിധ സഹായങ്ങൾ കിഫ്ബി നൽകി വരുന്നതൊഴിച്ചാൽ പദ്ധതികൾ ഏറ്റെടുക്കുന്ന കാര്യം കിഫ്ബിയുടെ പരിഗണനയിലില്ല. |
| (ഡി) | ഇപ്പോൾ നടന്നുവരുന്ന കിഫ്ബി പ്രവൃത്തികളുമായി ബന്ധപ്പെട്ട് കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക എത്രയാണെന്നും ഏതെല്ലാം പ്രവൃത്തികൾക്ക് | (ഡി) | കിഫ്ബിയിൽ സമർപ്പിക്കുന്ന ബില്ലുകളെല്ലാം അതത് പദ്ധതി നിർവഹണ ഏജൻസിയുടെ ധനാനുമതി ഉത്തരവോടു കൂടി കിഫ്ബിയിൽ സമർപ്പിക്കപെടുകയും ആയത് കിഫ്ബി |

| | | | |
|---|---|---|---|
| | ഏതെല്ലാം കരാറുകൾക്കാണ് കുടിശ്ശിക ഉള്ളതെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ? | | മാനദണ്ഡങ്ങൾക്ക് അനുസൃതമാണോ എന്ന് പരിശോധിച്ചതിനു ശേഷം ബന്ധപ്പെട്ട കരാറുകാർക്ക് തുക നേരിട്ട് അവരുടെ അക്കൌണ്ടിലേക്ക് നൽകുകയും ചെയ്യുന്ന രീതിയാണ് അവലംബിച്ച് വരുന്നത്. ഇതിൽ ആദ്യത്തെ പാർട്ട് ബിൽ, പദ്ധതിയുടെ 40%/80% സാമ്പത്തിക പുരോഗതിയ്ക്ക് നേരെ സമർപ്പിക്കപ്പെടുന്ന ബില്ലുകൾ, ഫൈനൽ ബിൽ എന്നിവ ഒഴിച്ച് മറ്റു ബില്ലുകൾ പ്രതികൂല നിരീക്ഷണങ്ങളില്ലാത്ത പക്ഷം ബിൽ ലഭിക്കുന്ന മുറക്ക് തന്നെ തുക നൽകി വരുന്നുണ്ട്. ബില്ലുകളിൽ ഏതെങ്കിലും വിധത്തിലുള്ള പോരായ്മകൾ കാണപ്പെടുന്ന സാഹചര്യങ്ങളിൽ ആ പോരായ്മ പരിഹരിച്ച് എസ്.പി.വി വീണ്ടും സമർപ്പിക്കുമ്പോൾ മാത്രമേ തുക നൽകുവാൻ സാധിക്കുകയുള്ളൂ. പണം നൽകുന്നതിൽ കാലതാമസം ഉണ്ടാകാതിരിക്കാൻ ആവശ്യമായ എല്ലാ മുൻകരുതലും കിഫ്ബി സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം നിശ്ചിത ഇടവേളകളിൽ ബില്ലുകളുടെ കുടിശ്ശിക ഇല്ലായെന്ന് ഉറപ്പ് വരുത്തുന്നു. ഈ സാമ്പത്തിക വർഷം കിഫ്ബിയിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള 923 ബില്ലുകളിന്മേൽ 72 എണ്ണത്തിന് നിലവിൽ പണം നൽകാനുണ്ട്. ഇവ നിയമപ്രകാരമുള്ള പരിശോധനയുടെ വിവിധ ഘട്ടങ്ങളിലാണ്. കിഫ്ബിയുടെ വിവിധ വിഭാഗങ്ങളിൽ നിന്ന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഈ ബില്ലുകളിന്മേൽ സമയ ബന്ധിതമായി പണം നൽകുന്നതാണ്. പോരായ്മകളില്ലാതെ സമർപ്പിക്കപ്പെടുന്ന ബില്ലുകളിന്മേൽ പരിശോധന നടത്തി അംഗീകാരം നൽകിയ ശേഷവും പണം നൽകുന്നതിൽ കാലതാമസമുണ്ടാകുന്ന സാഹചര്യത്തിൽ മാത്രമേ അത് കുടിശ്ശികയായി കണക്കാക്കാനാവൂ. അത്തരത്തിൽ ബില്ലുകളൊന്നും കിഫ്ബിയിൽ നിലവിൽ ഇല്ല. |

സെക്ഷൻ ഓഫീസർ